# കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം



# സ്വർഗ്ഗം ദൈവത്തിന്റെ മോനോഹരമായ ഭവനം


എഴുതിയത് : Edward Hughes
ഉദാഹരണം : Lazarus; Alastair P.
അംഗികരിച്ചത് : Sarah S.
തർജ്ജിമ ചെയുതത് : Rev. Benny
നിർമ്മിച്ചത് : Bible for Children
www.M1914.org

BFC
PO Box 3
Winnipeg, MB R3C 2G1
Canada



©2022 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.




യേശു ലോകത്തിൽ ആയിരുന്നപ്പോൾ സ്വർഗ്ഗത്തെകുറിച്ച് ശിഷ്യന്മാരോട് പറഞ്ഞിരുന്ന തന്റെ പിതാവിന്റെ ഭവനമെന്ന് വിളിച്ചിരുന്നു. അനേക വാസസ്ഥലങ്ങൾ അവിടെയുണ്ട് വലിയകൊട്ടരങ്ങൾ ധാരളം മുറികൾ ഭൂമിയുടെ ഭവനങ്ങളെക്കാൾ മനോഹരമായിരുന്നു.



ഞാൻ നിങ്ങൾക്കായി ഒരു സ്ഥലം ഒരുക്കുവാൻ പോകുന്നു ഞാൻ പോയി സ്ഥലം ഒരിക്കിയാൽ നിങ്ങളെ ചേർത്തുകൊള്ളുവാൻ ഞാൻ തിരിച്ചു വരും. യേശു മരണത്തിൽനിന്ന്ഉയർത്ത്ഴുനേറ്റ് തന്റെ ശിഷ്യന്മാർ നോക്കി നിൽക്കുമ്പൊൾ സ്വർഗ്ഗത്തിലേക്ക് മേഘങ്ങളുടെ നടുവിലൂടെ
കയറിപ്പോയി.



3

അന്നുമുതൽ യേശുവിന്റെ വരവിനായി തന്റെ വിശ്വാസികൾ പ്രത്യാശയോടെ നോക്കിപാർക്കുന്നു. യേശു പെട്ടന്ന് തിരികെ വരും സമയം അറിയില്ല യേശു വരുന്നതിനു മുൻപ് മരിച്ച ക്രിസ്ത്യനികൾക്ക് എന്ത് സംഭവിക്കും? ബൈബിൾ പറയുന്നു അവർ യേശുവിന്റെ അടുത്തേക്ക് പോകും ശരീരം വിട്ടു കർത്താവിനോട് കൂടെ വസിപ്പാൻ അധികം ഇഷ്ടപെടുന്നു.




4

വെളിപ്പാട്ടു ബൈബിളിന്റെ അവസാന പുസ്തകമാണ്. സ്വർഗ്ഗത്തെക്കുറിച്ചു മനോഹരമായി വിവരിച്ചിരിക്കുന്നു. ദൈവത്തിന്റെ ഭവനമാണ് സ്വർഗ്ഗം അതും വളരെ അത്ഭുതകരവും മനോഹരവുമാണ്. ദൈവം എല്ലായിടത്തും ഉണ്ട് ദൈവത്തിന്റെ സിംഹാസനം സ്വർഗ്ഗത്തിൽ.



5

ദൂതന്മാരും സ്വർഗ്ഗത്തിലെ ജീവികളും ദൈവത്തെ സ്വർഗ്ഗത്തിൽ ആരാധിക്കുന്നു. മരിച്ചുപോയ വിശ്വാസികൾ പ്രത്യേക പാട്ടുപാടി ദൈവത്തെ ആരാധിക്കുന്നു. അവർ പാട്ട് പാടുന്നത് ഇപ്രകാരമാണ് നീ യോഗ്യൻ സകല ജാതികളിലും ഗോത്രത്തിലും നിന്നും ദൈവത്തിനായി വിലക്കു വാങ്ങി രാജ്യവും പുരോഹിതമാരും ആക്കിവെച്ചു.



6

ബൈബിളിലെ അവസാന പേജിൽ സ്വർഗ്ഗം ഒരുപുതിയ യെരുശലേം ആയി വിവരിച്ചിരിക്കുന്നു. ഇത് വളരെ വളരെ വലുതാണ് ഉയർന്ന മതിലുകൾ സൂര്യകാന്തം, കല്ലുകൊണ്ടു നിർമ്മിച്ചതാണ്. സ്പടികതുല്യവും സ്വർണവും വിലയേറിയ കല്ലുകൾ കൊണ്ടുള്ളതാണ് അടിസ്ഥാനം വളരെ തിരമുള്ള സ്ഥലം.
മുത്തുകൾ കൊണ്ടാണ് പട്ടണവും പട്ടണവാതിലുകളും നിർമ്മിച്ചിരിക്കുന്നത്.



7

മുത്തുകൊണ്ട് നിർമ്മിച്ചിരിക്കുന്ന വാതിലുകൾ ഒരിക്കലും അടച്ചിരുന്നില്ല. നമ്മുക്കു അകത്തോട്ടു പോകാം സ്വർഗ്ഗത്തിന്റെ ഉൾഭാഗം എത്രമനോഹരം. പട്ടണങ്ങൾ സ്വർണ്ണം കൊണ്ട് നിർമ്മിച്ചിരിക്കുന്നു. സ്പടികതുല്യ വീഥികളും സ്വർണ്ണ നിർമ്മിതം.



8

എത്ര മനോഹരമായ ദൈവത്തിന്റെ സിംഹാസനത്തിൽനിന്നു ജീവന്റെ വെള്ളം നദിയായി പോകുന്നു. നദിയുടെ മറുകരയിൽ ജീവന്റെ വൃക്ഷം. ഇതു ആദിമായി കാണുന്നത് ഏദെൻതോട്ടത്തിലാണ്. ഒരു പ്രതേക തരത്തിലുള്ള വൃക്ഷം പന്ത്രണ്ടു തരത്തിലുള്ള ഫലം തരുന്നു. ഒരോ മാസവും, ഒരേ തരത്തിലുള്ള ഫലം. ജീവവൃക്ഷത്തിന്റെ ഇലകൾ രോഗശാന്തിയും നല്കുന്നതാണ്.



9

സ്വർഗ്ഗത്തിൽ സൂര്യ ചന്ദ്രന്റെ വെളിച്ചം ആവശ്യമില്ല ദൈവത്തിന്റെ മഹിമ നിറഞ്ഞു നിൽക്കുന്നതാണ്, അതുവലിയ വെളിച്ചം നൽകും, അവിടെ ഒരിക്കലും രാത്രിയില്ല.



10

സ്വർഗ്ഗത്തിലുള്ള ജന്തുകൾ വ്യത്യാസമുള്ളതാണ് അവ വളരെ സ്നേഹമുള്ളതും മെരുകമുള്ളതുമാണ്. ചെന്നായും ഒരുമിച്ച് വസിക്കുന്നു. ശക്തിയുള്ള സിംഹവും ആട്ടിൻക്കുട്ടിയുംപുല്ലുതിന്നുന്നു. എന്റെ വിശുദ്ധപർവതത്തിൽ അവർ സ്വസ്ഥമായി വസിക്കും. അവ ഒന്നിനെയും നശിപ്പിക്കുകയില്ല.



11

നാം ചുറ്റും നോക്കുമ്പോൾ ചില കാര്യങ്ങൾ സ്വർഗ്ഗത്തിൽ ഇല്ലന്ന് മനസ്സിലാക്കും. കോപത്തിന്റെ വാക്കുകൾ കേൾക്കുകയില്ല. ആരും തന്നെ സ്വന്തകാര്യം നോക്കുകയില്ല. തമ്മിൽ വഴകുണ്ടാക്കുകയില്ല. വാതിലുംകൾക്കു പൂട്ടുകൾ ഇല്ല. കാരണം അവിടെ കള്ളമാർ ഇല്ല. അവിടെ ഭോഷ്കു പറയുന്നവർ, കൊലപാതകംചെയുന്നവര്. ഭോഷകർ. അവിശ്വാസികൾ ആരുമില്ല. സ്വർഗ്ഗത്തിൽ യാതൊരു പാവവുമില്ല.



12



സ്വർഗ്ഗത്തിൽ ദൈവംഉള്ളതുകൊണ്ട് കണ്ണുനീർഇല്ല. ചിലപ്പോൾ ഈ ലോകത്തിൽ നമ്മുക്ക് കണ്ണുനീർ ഉണ്ടാകാം സ്വർഗ്ഗത്തിൽ നമ്മുടെ കണ്ണുനീർ ദൈവം തുടക്കും.

13

സ്വർഗ്ഗത്തിൽ മരണമില്ല. ദൈവമക്കൾ നിരന്തരം വസിക്കും. കരച്ചിൽഇല്ല വേദനയില്ല രോഗംഇല്ല വിടവാങ്ങൽ ഇല്ല ശവസംസ്കാരംഇല്ല. ദൈവത്തോടുക്കൂടി നിത്യം സന്തോഷത്തോട്ടുകൂടി വസിക്കും.



14

അതിനേക്കാൾ ഉപരി സ്വർഗ്ഗത്തിൽ ആൺകുട്ടികളും പെൺകുട്ടികളും ഉണ്ടാകും (വലിയവരും ഉണ്ടാകും) യേശുക്രിസ്തു രക്ഷകരെന്നു വിശ്വസിച്ച് അനുസരിച്ചവർ എല്ലാവരും ഉണ്ടാകും. സ്വർഗ്ഗത്തിൽ കുഞ്ഞാടിന്റെ ജീവന്റെ പുസ്തകം എന്നൊരു പുസ്തകംഉണ്ട്. അതിൽ ആളുകളുടെ പേരുകൾ ഉണ്ട്. അതിൽ ആരുടെപേരാണോ എഴുതുക എന്നറിയാമോ? യേശുവിൽ വിശ്വസിക്കുന്നവരുടെ. നിങ്ങളുടെപേർ അതിലുണ്ടോ.






സ്വർഗ്ഗത്തിലേക്കുള്ള ആഹ്വാനംത്തോടുകൂടിയാണ് ബൈബിൾ അവസാനിക്കുന്നത് ആത്മാവും മണവാട്ടിയും പറയുന്ന വരിക ചെവിയുള്ളവൻ കേൾക്കട്ടെ. വരിക ദാഹിക്കുനവൻ വരിക. ആഗ്രഹമുള്ളവൻ ജീവന്റെ ജലം സൌജന്യമായികുടിക്കട്ടെ.






സ്വർഗ്ഗം ദൈവത്തിന്റെ മോനോഹരമായ ഭവനം

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

യോഹന്നാൻ 14, 2 കൊരിന്ത്യർ 5,
വെളിപ്പാടു 4, 21, 22

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130






60 60



അദ്ഭുതവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ, ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.
യോഹന്നാൻ 3:16